**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ-695035
ഫോൺ:04712302490 ഫാക്സ്:04712303025/20303080
**ഇ-മെയിൽ:**dhskerala.hlth@kerala.gov.in
**വെബ്സൈറ്റ്:** www.dhs.kerala.gov.in

# സർക്കുലർ

നം. ഇ എസ്-6 /18921/2025/ആ.വ.ഡ തീയതി: 22-09-2025

വിഷയം: ആ.വ-സ്പെഷ്യലിറ്റി കേഡർ 31.12.2024 വരെ സേവനത്തിൽ പ്രവേശിക്കുകയും പ്രസ്തുത കാലയളവിൽ ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി സ്പെഷ്യലിറ്റിയിൽ പി ജി ഡിഗ്രി/ഡിപ്ലോമ യോഗ്യത നേടുകയും ചെയ്ത ഡോക്ടർമാരിൽ നിന്നുള്ള ഓപ്ഷൻ ക്ഷണിക്കുന്നത്- സംബന്ധിച്ച്.

സൂചന:
1. ജി.ഓ(പി) നം. 69/2010/H&FWD തീയതി. 17.02.2010.
2. ജി.ഓ(പി) നം. 52/2022/H&FWD തീയതി. 27.09.2022.
3. എ 2/220/2022/H&FWD തീയതി. 19.05.2023.

31.12.2024 വരെ സേവനത്തിൽ പ്രവേശിച്ച് പ്രസ്തുത കാലയളവിൽ ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി സ്പെഷ്യലിറ്റിയിൽ പി ജി ഡിഗ്രി/ഡിപ്ലോമ യോഗ്യത നേടിയിട്ടുള്ള ജനറൽ/അഡ്മിനിസ്ട്രേറ്റീവ് കേഡറിന് കീഴിൽ പ്രവർത്തിക്കുന്ന (സൂചന 1, 2 സ്പെഷ്യൽ റൂളിലെ നിബന്ധനകൾക്ക് വിധേയമായി) ഡോക്ടർമാരിൽ നിന്ന് ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി സ്പെഷ്യലിറ്റി കേഡറിലേക്ക് ഓപ്ഷൻ ക്ഷണിക്കാൻ തീരുമാനിച്ചിരിക്കുന്നു.

2 . **ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിർദ്ദിഷ്ട പ്രൊഫോർമയിൽ ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്.** മുൻ വർഷങ്ങളിൽ ഓപ്ഷൻ സമർപ്പിച്ച് പ്ലേസ്മെൻറ് ലഭിക്കാത്തവർ പുതിയ ഓപ്ഷൻ സമർപ്പിക്കേണ്ടതില്ല. ഇപ്പോൾ സ്പെഷ്യലിറ്റി

കേഡറിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി നോക്കുന്ന ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി വിഭാഗത്തിലെ ഡോക്ടർമാരും ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്.

3. ഓപ്ഷൻ സമർപ്പിക്കുന്ന ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി വിഭാഗത്തിലെ ഡോക്ടർമാർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, റ്റി.സി.എം.സി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൻെറ പകർപ്പ്, സർവീസ് റെഗുലറൈസേഷൻ, പ്രൊബേഷൻ ഡിക്ലറേഷൻ എന്നിവയുടെ ഉത്തരവിൻെറ പകർപ്പ് ഇവ നൽകേണ്ടതാണ്. പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കാത്ത ഡോക്ടർമാർക്കും അവരുടെ ഓപ്ഷനുകൾ സമർപ്പിക്കാം. സൂചന 3 പ്രകാരമുള്ള സർക്കാർ നിർദ്ദേശത്തിൻെറ അടിസ്ഥാനത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ചവരെയും പൂർത്തീകരിച്ചിട്ടില്ലാത്തവരെയും ചേർത്ത് ഒരു പൊതു ലിസ്റ്റാണ് തയ്യാറാക്കുന്നത്.

4. 2010-ലെ കേരള ഹെൽത്ത് സർവ്വീസസ്സ് (മെഡിക്കൽ ഓഫീസർമാർ) സ്പെഷ്യൽ റൂളിൽ റൂൾ 6 അനുസരിച്ച് ഒരിക്കൽ ഓപ്ഷൻ സമർപ്പിച്ചാൽ ആയത് അന്തിമമായിരിക്കും.

**5. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും (ആരോഗ്യം) ഡോക്ടർമാർ സമർപ്പിച്ച ഓപ്ഷൻ ഫോമുകൾ ശേഖരിച്ച് 29.09.2025-നോ, അതിന് മുൻപോ ഈ ഓഫീസിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.**

Signed by
Reena K J
Date: 22-09-2025 22:55:35

DIRECTOR OF HEALTH SERVICES

സ്വീകർത്താവ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യം) (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന.)

2. എല്ലാ സർക്കാർ ആശുപത്രി സൂപ്രണ്ട്/മെഡിക്കൽ ഓഫീസർമാർക്കും( " )

3.ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്

4. ഫയൽ /കരുതൽ ഫയൽ.